## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **11-09-2023 - ൽ മറുപടിയ്ക്ക്**

## തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള പെൻഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിഹിതം അടയ്ക്കുന്ന തൊഴിലാളികൾക്ക് എത്ര രൂപയാണ് റിട്ടയർമെന്റ് ആനുകൂല്യമായി നൽകുന്നത്; എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്; വിഹിതമായി അടച്ച തുകപോലും തിരികെ ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗമായിരുന്ന അംഗം അംശദായമായി നിധിയിൽ അടച്ചിട്ടുള്ള തുകയും, അംശദായം അടച്ച തീയതികൾ കണക്കിലെടുത്ത് അംശദായ തുകയ്ക്ക് 5.5% പലിശയും ചേർത്ത തുകയുൾപ്പെടെയാണ് നിലവിൽ റിട്ടയർമെൻറ് ആനുകൂല്യമായി വിതരണം ചെയ്തുവരുന്നത്;<br>1995-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി, ഖണ്ഡിക 28എ-യിലെ വ്യവസ്ഥ പ്രകാരമാണ് റിട്ടയർമെൻറ് ആനുകൂല്യം കണക്കാക്കുന്നത്; വിഹിതമായി അടച്ച തുകപോലും തിരികെ ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കൊറോണ കാലയളവിൽ അംശദായം ഓൺലൈനിൽ അടച്ചിരുന്നവർക്ക്, ജില്ലാ ഓഫീസിൽ പുതുക്കാതിരുന്നതിനാൽ കുടിശ്ശികയുണ്ട് എന്ന് പറഞ്ഞ് പെൻഷനും മറ്റാനുകൂല്യങ്ങളും തടയപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഇല്ല; കോവിഡ്-19 പ്രതിസന്ധിയുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച്, 2020 മാർച്ച് മുതൽ 2020 ഡിസംബർ വരെയുള്ള കാലയളവിൽ അംശദായം കുടിശ്ശിക വരുത്തി അംഗത്വം നഷ്ടമായ, റിട്ടയർമെന്റ് തീയതി കഴിഞ്ഞ തൊഴിലാളികളിൽ നിന്നും കുടിശ്ശിക ഈടാക്കി പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ, ബോർഡിൽ നിന്നും ടി കാലയളവിലെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളതാണ്. കൂടാതെ, അംശദായ കുടിശ്ശിക വരുത്തുന്ന അംഗങ്ങളിൽ നിന്നും കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി പദ്ധതി, ഖണ്ഡിക 21എ (1), (2) പ്രകാരം ഈടാക്കേണ്ട പിഴ, കോവിഡ് പ്രതിസന്ധി പരിഗണിച്ച്, സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ, 31/12/2021 വരെ ഒഴിവാക്കി നൽകുകയും ചെയ്തിരുന്നു. |
| (സി) | തുടക്കം മുതൽ അറുപത് വയസ്സുവരെ അംശദായം അടയ്ക്കുകയും, അവസാനത്തെ ഒന്നോ രണ്ടോ മാസം കുടിശ്ശിക വരുത്തുകയും ചെയ്തവർക്ക് നിലവിൽ | (സി) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ, തുടക്കം മുതൽ അറുപത് വയസ്സുവരെ അംശദായം അടയ്ക്കുകയും അവസാനത്തെ ഒന്നോ രണ്ടോ മാസം |

| | | | |
|---|---|---|---|
| | പെൻഷൻ അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | | കുടിശ്ശിക വരുത്തുകയും ചെയ്യവർക്ക് പെൻഷൻ അനുവദിക്കാതിരുന്നിട്ടില്ല. |
| (ഡി) | പെൻഷൻ അപേക്ഷകൾ കാലതാമസം വരുത്താതെ പരിശോധിക്കുന്നതിനും, അനുവദിക്കുന്നതിനും പ്രത്യേക സമയപരിധി നിശ്ചയിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന അംഗങ്ങൾ കൃത്യമായ രേഖകൾ സഹിതം യഥാസമയം ഓൺലൈനിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖകളുടെ കൃത്യത ഉറപ്പാക്കി അതത് മാസം തന്നെ തീർപ്പാക്കി വരുന്നുണ്ട്. |
| (ഇ) | വിധവകളും വികലാംഗരും ആയിട്ടുള്ള തയ്യൽ തൊഴിലാളികൾക്ക് വിധവ, വികലാംഗ പെൻഷനുകളോടൊപ്പം തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻകൂടി ലഭ്യമാക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ? | (ഇ) | വിധവകളും വികലാംഗരും ആയിട്ടുള്ള തയ്യൽ തൊഴിലാളികൾക്ക് വിധവ, വികലാംഗ പെൻഷനുകളോടൊപ്പം തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ കൂടി ലഭ്യമാക്കുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണനയിലില്ല. 23/09/2020-ലെ സ.ഉ.(കൈ) നമ്പർ 97/2020/ധന -യിലെ വ്യവസ്ഥ പ്രകാരം, 06/02/2017-ന് മുൻപ് സാമൂഹ്യ സുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങി വരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷ പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കുവാൻ അർഹതയുണ്ട്. കൂടാതെ, വികലാംഗനായ വ്യക്തിക്ക് വികലാംഗ പെൻഷന് പുറമേ മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ